

ESTD : 1979 Vol 11/2026 NOVEMBER 2026 / Pages 8

പ. സഭയുടെ പ്രതിഷ്ഠാപെരുന്നാൾ ഹൂദോസ് ഈത്തോ ഞായർ



(വി. യോഹന്നാൻ 10:22-42)

മലങ്കര സഭയുടെ മഹാ പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പുണ്യ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയത്തിന്റെ പുനർനിർമ്മിച്ച പരിശുദ്ധ മദ്ബഹയുടെ കൂദാശയും, ഇടവക പെരുനാളും കൊണ്ടാടുന്ന ഈ വേളയിൽ ഹൂദോസ് ഈത്തോയെ കുറിച്ച് ചിന്തിക്കുന്നത് എന്ത് കൊണ്ടും ഉചിതമായിരിക്കും.

സഭാ കലണ്ടറിലെ രണ്ടാമത്തെ ഞായറാഴ്ച. പഴയനിയമ ദേവാലയത്തിന്റെ സ്ഥാനത്ത് പ. സഭയാകുന്ന പുതിയ ദേവാലയം സ്ഥാപിത മായിരിക്കുന്നു. പുതിയ ദേവാലയം വിശ്വാസികളുടെ സമൂഹമാണ്. അതിലെ ജീവനുള്ള കല്ലുകളാണ് പ. മാമ്മോദീസാ മുങ്ങിയ ഓരോ വിശ്വാസിയും. ദൈവാത്മാവ് വസിക്കുന്ന ജീവനുള്ള ദേവാലയമായി സഭയേയും സഭാംഗങ്ങളേയും സമർഷിക്കുന്നതിനുള്ള പെരുന്നാളാണ് ഹൂദോസ് ഈത്തോ.

ശുദ്ധീകരിക്കപ്പെട്ട സഭ സമ്പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെടുന്നു. ശുദ്ധീകരണത്തിന്റെ പൂർത്തീകരണം പ്രതിഷ്ഠയിലാണ് സംഭവിക്കുന്നത്. ഹൂദോസ് എന്ന സുറിയാനി പദത്തിന് മലയാളത്തിൽ മൂന്ന് അർത്ഥ തലങ്ങളുണ്ട്.

(1) സമർഷണം: സഭയുടെ സമർഷണം വ്യക്തിയുടെ സമർഷണമാണ്. യേശുക്രിസ്തുവിന്റെ ശരീരമാണ് സഭ. ആ ശരീരത്തിലെ അവയവങ്ങളാണ് വ്യക്തികൾ (1 കോരിന്ത്യർ 12:27). സഭ എന്നത് വ്യക്തികളുടെ കൂട്ടമാണ്.

(2) പുതുക്കം: സഭയുടെ പുതുക്കദിവസമാണിന്ന്. വർഷത്തിൽ ഒരിക്കൽ മാത്രമല്ല പുതുതാകേണ്ടത്. ഓരോ നിമിഷവും പുതുതായിക്കൊണ്ടിരിക്കുക എന്നതാണ് സഭയുടെയും വ്യക്തികളുടെയും കടമ. പുതുക്കം തുടർ പ്രക്രിയയാണ്. ഒരിക്കലും അവസാനിക്കാത്ത പ്രക്രിയ. സഭയുടെ ആരാധനാക്രമങ്ങൾ എല്ലാം ആ രീതിയിലാണ് ഘടനാപര മായി നിശ്ചയിച്ചിട്ടുള്ളത്.

(3) പ്രതിഷ്ഠ: ക്ഷേത്രം പണിതു പൂർത്തിയാക്കിയ ശേഷം പ്രത്യേക കർമ്മാദികളോടുകൂടി ദേവനെ കുടിയിരുത്തുന്ന കർമ്മത്തിനു പ്രതിഷ്ഠ എന്നു പറയും. യഹൂദ പാരമ്പര്യത്തിൽ യരുശലേം ദേവാലയം

അറ്റകുറ്റപണി നടത്തി പുനഃപ്രതിഷ്ഠ നടത്തിയതും പ്രതിഷ്ഠോത്സവമായി ആചരിച്ചുപോന്നു (വി. യോഹ. 10:22).

സഭ ഇന്നാചരിക്കുന്ന പ്രതിഷ്ഠാപെരുന്നാളിന്റെ അർത്ഥം കണ്ടെത്താൻ യഹൂദന്മാരുടെ പ്രതിഷ്ഠാപെരുന്നാളിന്റെ ചരിത്രം സഹായകരമാവും. ശലോമോൻ നിർമ്മിച്ച യെരുശലേം ദേവാലയം ബി.സി. 587ൽ ബാബിലോന്യ രാജാവായ നെബുഖദ്നേസർ നശിഷിച്ചു. പ്രവാസത്തിൽ നിന്നു തിരികെ വന്ന യഹൂദജനം ദേവാലയം വീണ്ടും പണിതുയർത്തി. അഞ്ഞൂറു വർഷത്തോളം അത് നിലനിന്നു.

ബി.സി. 168ൽ സിറിയൻ ഭരണാധിപനായ അന്തിയോക്കസ് എഷിഷാനിയോസ് യരുശലേം ആക്രമിക്കുകയും ദേവാലയത്തിന് നാശനഷ്ടങ്ങൾ വരുത്തി, അത് അശുദ്ധമാക്കുകയും ചെയ്തു. യഹൂദാചാരപ്രകാരമുള്ള യാഗാദികർമ്മങ്ങൾ നിരോധിച്ചു. മാത്രമല്ല ദേവാലയത്തിലെ അതിവിശുദ്ധ സ്ഥലത്ത് സീയൂസ് ദേവന്റെ ബിംബം പ്രതിഷ്ഠിക്കുകയും യഹൂദന്മാർക്ക് നിഷിദ്ധമായ പന്നിയെ അവിടെ ബലികഴിക്കുകയും ചെയ്തു.

മക്കാബിയ വംശജനായ യൂദായുടെ നേതൃത്വത്തിൽ നടത്തിയ പോരാട്ടം വിദേശികളെ തുരത്തി ബി.സി. 165 ഡിസംബർ മാസത്തിൽ യെരുശലേം ദേവാലയം കേടുപാടുകൾ പോക്കി ശുദ്ധീകരിക്കുകയും ആരാധനയ്ക്കായി വീണ്ടും പ്രതിഷ്ഠിക്കുകയും ചെയ്തു (1 മക്കാബി 4:36-59). ഈ ശുദ്ധീകരണത്തിന്റെയും പ്രതിഷ്ഠയുടെയും ഓർമ്മ വർഷം തോറും യഹൂദന്മാർ ആഘോഷപൂർവ്വം ആചരിക്കുന്നു. ആ പെരുന്നാളാണ് 'ഹനുഖാ' എന്ന എബ്രായ നാമത്തിൽ വിളിക്കപ്പെടുന്ന പ്രതി ഷ്ഠോത്സവം.

ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗം (വി. യോഹന്നാൻ 10:22-42) യഹൂദന്മാരുടെ പ്രതിഷ്ഠോത്സവപെരുന്നാളിന്റെ പശ്ചാത്തലത്തിലാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

ദേവാലയത്തിനുള്ളിൽ നിന്ന് അശുദ്ധമായതെല്ലാം നീക്കി ശുദ്ധി ചെയ്ത് പ്രതിഷ്ഠിക്കുകയാണ്. നമ്മുടെ ശരീരം ദേവാലയമാണ്. മാലിന്യങ്ങൾ അടിഞ്ഞുകൂടിയ നമ്മുടെ ശരീരത്തെ ദൈവത്തിൽ സമർഷിച്ച് പ്രതിഷ്ഠിക്കുന്നതിനുള്ള അവസരമാണിത്. ധനം, സ്ഥാനം, പദവി, അഹന്ത, മാമ്മോനുകൾ, വിഗ്രഹങ്ങൾ, മറ്റു ദൈവങ്ങൾ ഇവയെല്ലാം മാറണം. കർത്താവിന്റെ നിവാസാലയമായി പ്രതിഷ്ഠിക്കപ്പെടണം.

1 പത്രോസ് 3:15 'ക്രിസ്തുവിനെ നിന്റെ ഹൃദയത്തിൽ കർത്താവായി വിശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുക.'

പ്രതിഷ്ഠാപെരുന്നാളിൽ യേശുക്രിസ്തു ദേവാലയത്തിൽ ശ്ലോമൂന്റെ മണ്ഡപത്തിൽ കൂടി നടക്കുമ്പോൾ യഹൂദന്മാർ അവനെ വളയുകയും പരിഹസിക്കുകയും കല്ലെറിയുകയും ചെയ്തു. യേശുവിനെ അവർ വിമർശിക്കുകയും ദൈവദൂഷണം പറയുന്നുവെന്നും മനുഷ്യനായിരിക്കെ സ്വയം ദൈവമാക്കി ചമയ്ക്കുന്നുവെന്നും ആരോപിക്കുകയും ചെയ്തു.

അപ്പോൾ യേശുക്രിസ്തു അവരെ നിശിതമായി വിമർശിച്ച് ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കപ്പെടുന്ന വ്യക്തികൾക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ വ്യക്തമാക്കുകയാണ്.

(1) ക്രിസ്തുവിനെ തിരിച്ചറിയുന്നു (യേശു ദൈവപുത്രനാകുന്നു വി. യോഹ. 10:36).
(2) ക്രിസ്തുവിന്റെ ആടുകളിൽ ഉൾപ്പെടുന്നു (10:26).
(3) ക്രിസ്തുവിനെ വിശ്വസിക്കുന്നു (10:26).
(4) ക്രിസ്തുവിനെ കേൾക്കുന്നു (10:27).
(5) ക്രിസ്തുവിനെ അനുസരിക്കുന്നു (10:27).
(6) ക്രിസ്തുവിന് നമ്മെ അറിയാൻ കഴിയുന്നു (10:27).
(7) ക്രിസ്തുവിനെ അനുഗമിക്കുന്നു (10:27).
(8) നിത്യജീവൻ ലഭിക്കുന്നു (10:28).
(9) ഒരിക്കലും നശിച്ചുപോകുകയില്ല (10:28).
(10) ക്രിസ്തുവിൽ നിന്ന് ആർക്കും അപഹരിക്കുവാൻ സാധിക്കില്ല (10:29).

എബ്രായർ 12:14 'ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല'. പ. സഭയുടെ ഹൂദോസ് ഈത്തോപെരുന്നാളിൽ വ്യക്തികളുടെ ശുദ്ധീകരണവും പ്രതിഷ്ഠയും പൂർത്തിയാക്കി പുതിയ ജീവിതത്തിലേക്ക് സഭ പ്രവേശിക്കുകയാണ്.

സുറിയാനി സഭയുടെ പാരമ്പര്യമനുസരിച്ച് ഹൂദോസ് ഈത്തോയ്ക്ക ശേഷമുള്ള ഞായറാഴ്ച മുതലായിരുന്നു ജനനപെരുന്നാളിനുമുമ്പുള്ള നാൽപതു ദിവസത്തെ നോമ്പ് ആരംഭിച്ചിരുന്നത്. ജനനപെരുന്നാളിനുള്ള സഭയുടെ ഒരുക്കം കൂടിയാണ് ഹൂദോസ് ഈത്തോ.

കർത്താവിനെ നമ്മുടെ മദ്ധ്യേ സ്വീകരിക്കുവാൻ, നമ്മുടെ ഹൃദയങ്ങളിലേക്ക് ആനയിക്കുവാൻ, നമ്മുടെ നാഥനും രക്ഷകനുമായി ദൈവപുത്രനായ ക്രിസ്തു നമ്മിലുരുവാകാൻ, നാം സ്വയം ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കപ്പെടുന്നു.

H.G. Geevarghese Mar Philaxenos Metropolitan

ഗ്രീഗോറിയൻ

നവംബർ – 2026

തുലാം – വൃശ്ചികം 1202

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

ഗ്രീഗോറിയൻ

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)

ലക്കം : 11/2026

വെരി. റവ.ഡോ.അഡ്വ.ഷാജി ജോർജ്ജ്
കോറെപ്പിസ്കോപ്പ
(വികാരി)

റവ. ഫാ. റോബിൻസ് ഡാനിയേൽ
(സഹ. വികാരി)

ശ്രീ. അജി കോശി വർഗീസ്
(ഇടവക ട്രസ്റ്റി)

ശ്രീ. ഷാജി ജോർജ്ജ്
(ഇടവക സെക്രട്ടറി)

ശ്രീ. മാത്യു എബ്രഹാം
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

ശ്രീ. മാത്യൂസ് ജോർജ്
(ഇടവക പ്രതിനിധി)

പ്രസാധകർ
ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവക
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gulfparumala@gmail.com



Dearly beloved,

By the abundant blessings of God, we are entering in to the month of November. The month of November is blessed with many events, the Kerala Piravi, the feast of St. Gregorios of Parumala, Akshara Jyothi and many other events. As the members of this parish, the first and foremost, we are seeking the intercessions of Parumala Thirumeni and the re-dedication of the Holy Madbaha with utmost purity and dedication. By God's providence and Grace we are planning the rededication and consecration of Holy Sanctuary on 07th and 08th of November, 2026. God willingly we are expecting the presence of three Reverend Bishops, Dignitaries, Priests and faithfull from in and around UAE. I request each and every individual to pray for everyone who laboured and labouring for the Church/Parish and its construction. Our prayers can perform miracles in our life. The details of the programmes will be intimated immediately after finalizing it. May the intercessions of the Holy Virgin Mary, Mar Baselios, Mar Gregorios, Mar Dionysius and all other saints and faithful be a great fortress for us. In this bulletin, I would like to write on a thought that 'Consciousness is not located in the brain'.

Consciousness is a universal attribute of all life forms. The assumption that consciousness is produced by the brain is no longer viable. New theories, such as panpsychism that consciousness exists through out the physical universe, are gaining momentum. The brain is more likely a device to process or modulate consciousness rather than manufacture consciousness.

A New Age 'Filter Theory' proposes that the subset of consciousness, 'supraliminal' consciousness is derivative from the superset of the subliminal sea of consciousness, mediated by the modulating activity of matter – or more specifically the brain and nervous system. These act as a filter that determines specific subliminal content to produce a unique supraliminal consciousness. In Aldous Huxley's words, the brain and nervous system act as a 'reducing valve' through which Mind at large is 'funnelled'. The subliminal content is tailored and finalized by utilitarian and survival needs. The supraliminal content, unique to every organism and necessary for its survival, will thus be provided.

Perception usually has to be kept narrow and focused. This filtration process has a protective function too. It avoid overwhelming the subject by by the sheer volume of available content that could be potentially distressing. This filter could be expanded by meditative quietening of mind chatter, or the scope of the survival imperative be enhanced by psychoactive drugs resulting in previously excluded contents entering the supraliminal consciousness. This could account for a range of transcendental or metaphysical phenomena like out of body experiences.

Oriental philosophies have all along maintained that the universe is a manifestation of intelligent consciousness. Max Planck, father of Quantum Theory, said, "I regard consciousness as fundamental. I regard matter as derivative from consciousness. We cannot get behind consciousness. Everything that we talk about, everything that we regard as existing, postulates consciousness".

Quantum physicist Erwin Schrodinger proclaimed that consciousness is only one, singular, identifiable with its universal source – Almighty. The human brain with all its complexities might be equipped with the ability to transcend the restrictive filter and expand its cognitive horizons to an integrative epiphany of 'man is created in His own image and likeness'.

May the Almighty God shower the blessings on the Consecration of the Holy Madbaha and each one of us.

With Prayers

Very Revd. Cor Episcopos Shaji George.

VICAR.

വിശുദ്ധീകരണത്തിലേക്കുള്ള വിളി



ആരാധനാവർഷത്തിന്റെ തുടക്കത്തിൽ സഭ നമ്മെ ഒരു ചോദ്യത്തിന് മുന്നിൽ നിർത്തുന്നു: ദൈവം വിശുദ്ധീകരിച്ച സഭയുടെ അംഗങ്ങളായ നാം എത്രത്തോളം വിശുദ്ധരാണ്? സഭാ വിശുദ്ധീകരണത്തിന്റെ കാലം കല്ലും മരവും കൊണ്ട് പണിത ദേവാലയത്തെ മാത്രമല്ല, ജീവനുള്ള കല്ലുകളായ വിശ്വാസികളെയും ഓർമ്മിപ്പിക്കുന്നു. ദേവാലയം വിശുദ്ധമായിരിക്കെ അതിൽ ആരാധിക്കുന്നവരുടെ ജീവിതം അശുദ്ധമായി തുടർന്നാൽ അത് വൈരുദ്ധ്യമല്ലേ?

വേദപുസ്തകം ഈ വിളി വ്യക്തമായി പറയുന്നു. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്ന് പത്രോസ് ശ്ലീഹാ ലേവ്യപുസ്തകത്തെ ഉദ്ധരിച്ച് എഴുതി (1 പത്രോ. 1:16). വിശുദ്ധി ഒരു ഐച്ഛിക വിഷയമല്ല; "വിശുദ്ധി കൂടാതെ ആരും കർത്താവിനെ കാണുകയില്ല" എന്ന് എബ്രായലേഖനം മുന്നറിയിപ്പ് നൽകുന്നു (12:14). സഭയെ സ്നേഹിച്ച് അവൾക്കായി തന്നെത്താൻ ഏല്പിച്ച ക്രിസ്തുവിന്റെ ലക്ഷ്യം, അവളെ "കറയോ ചുളുക്കമോ ഒന്നുമില്ലാത്ത മഹത്വമുള്ള സഭയായി" തനിക്കു തന്നെ നിർത്തുക എന്നതാണെന്ന് പൗലോസ് എഫെസ്യർക്ക് എഴുതുന്നു (5:25–27). ഇവിടെ ശ്രദ്ധിക്കേണ്ടത്, സഭ എന്നാൽ അംഗങ്ങളുടെ കൂട്ടമാണ് എന്നതാണ്. അതിനാൽ അംഗങ്ങൾ വിശുദ്ധീകരിക്കപ്പെടാതെ സഭയുടെ വിശുദ്ധീകരണം പൂർണമാകില്ല. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം ആകുന്നു" എന്ന ഓർമ്മപ്പെടുത്തലും (1 കൊരിന്ത്യർ 3:16) ഇതോട് ചേർന്നുനിൽക്കുന്നു.

പഴയനിയമത്തിലും ഇതേ പാഠം കാണാം. യഹൂദാരാജാവായ ഹെസക്കിയാ തന്റെ ഭരണത്തിന്റെ ആദ്യവർഷം ആദ്യമാസത്തിൽ ദേവാലയത്തിന്റെ വാതിൽ തുറന്ന് ലേവ്യരോട് "നിങ്ങളെത്തന്നെ വിശുദ്ധീകരിപ്പിൻ; ദൈവാലയത്തിലെ അശുദ്ധി നീക്കിക്കളയുവിൻ" എന്ന് ആജ്ഞാപിച്ചു (2 ദിനവൃത്താന്തം 29:5). കെട്ടിടം ശുചിയാക്കുന്നതിന് മുൻപ് ആരാധകരുടെ ശുദ്ധീകരണം ആവശ്യപ്പെട്ടു എന്നത് ശ്രദ്ധേയമാണ്. മക്കാബിയരുടെ ഒന്നാം പുസ്തകത്തിൽ യൂദാ മക്കാബിയും സഹോദരന്മാരും അശുദ്ധമാക്കപ്പെട്ട ദേവാലയം ശുദ്ധീകരിച്ച് വീണ്ടും പ്രതിഷ്ഠിച്ചപ്പോൾ ജനം സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ചതായി നാം വായിക്കുന്നു (1 മക്കബായർ 4:36–59). അശുദ്ധമായതിനെ തിരിച്ചറിയാനും അത് നീക്കാനുമുള്ള ധൈര്യവും, അതിനുശേഷമുള്ള കൃതജ്ഞതയുമാണ് ഈ വിവരണങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

വിശുദ്ധീകരണം ഒരു ദിവസത്തെ ചടങ്ങല്ല, ജീവിതകാലം മുഴുവൻ നീളുന്ന യാത്രയാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിച്ചു. "അങ്ങ് ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചു; അങ്ങിൽ വിശ്രമിക്കുംവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്" എന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ, മനുഷ്യഹൃദയത്തിന്റെ ദൈവത്തോടുള്ള ദാഹമാണ് വിശുദ്ധിയുടെ അടിസ്ഥാനം എന്ന് ഓർമ്മിപ്പിക്കുന്നു. വിശുദ്ധി ഏതാനും പേരുടെ ആഡംബരമല്ല, നമ്മുടെ എല്ലാവരുടെയും ലളിതമായ കടമയാണെന്ന് മദർ തെരേസ പറഞ്ഞു. ആ ലക്ഷ്യം നിറവേറണമെങ്കിൽ സഭയിലെ ഓരോ അംഗവും ക്രിസ്തുവിനെ പ്രതിഫലിപ്പിക്കണം.

ഇന്നത്തെ ലോകത്തിന്റെ അവസ്ഥ നോക്കുമ്പോൾ ഈ വിളിയുടെ അടിയന്തരസ്വഭാവം കൂടുതൽ വ്യക്തമാകുന്നു. സ്ക്രീനുകളിൽ ഒതുങ്ങിയ ശ്രദ്ധ, അനന്തമായ വാർത്തകളുടെയും വിവാദങ്ങളുടെയും പ്രവാഹം, സമൂഹമാധ്യമങ്ങളിലെ വിദ്വേഷവും കുറ്റപ്പെടുത്തലും, ഉപഭോഗസംസ്കാരത്തിന്റെ ആർത്തി - ഇവയ്ക്കിടയിൽ വിശ്വാസികളും ഒഴുക്കിനൊപ്പം പോകാൻ പ്രലോഭിതരാകുന്നു. ലഹരിയുടെ വ്യാപനം യുവതലമുറയെ കാർന്നുതിന്നുന്നു; കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു; യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും ലോകത്തെ ഭീതിയിലാഴ്ത്തുന്നു. ഇത്തരം കാലത്ത് ദൈവാലയത്തിലെ ആരാധനയും പുറത്തെ ജീവിതവും തമ്മിൽ വിടവ് വളർന്നാൽ സഭയുടെ സാക്ഷ്യം മങ്ങിപ്പോകും. "വില കുറഞ്ഞ കൃപ നമ്മുടെ സഭയുടെ മാരകശത്രുവാണ്" എന്ന് ദിയട്രിക് ബോൺഹോഫർ മുന്നറിയിപ്പ് നൽകിയത് ഇതിനാലാണ്. അനുതാപമില്ലാത്ത ക്ഷമയും അനുസരണമില്ലാത്ത വിശ്വാസവും ദൈവകൃപയെ ലഘൂകരിക്കുന്നു.

എന്നാൽ വിശുദ്ധീകരണം എന്നാൽ ഭയപ്പെടുത്തുന്ന പൂർണതാവാദമല്ല. യേശുതമ്പുരാൻ പിതാവിനോട് പ്രാർത്ഥിച്ചത് "സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ; അങ്ങയുടെ വചനം സത്യമാകുന്നു" എന്നാണ് (യോഹന്നാൻ 17:17). വിശുദ്ധീകരിക്കുന്നത് ദൈവമാണ്; നാം ആ പ്രവൃത്തിക്ക് നമ്മെത്തന്നെ വിട്ടുകൊടുക്കുന്നവരാണ്. ദേവാലയം കൂദാശ ചെയ്യപ്പെടുമ്പോൾ അത് ദൈവത്തിനായി വേർതിരിക്കപ്പെടുന്നതുപോലെ, വിശ്വാസിയും ദൈവത്തിനായി വേർതിരിക്കപ്പെടുന്നു. ആ വേർതിരിവ് ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല; ലോകത്തിലേക്കുള്ള അയക്കപ്പെടലാണ്. "അവർ സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" എന്ന് കർത്താവ് അരുളിച്ചെയ്തതും (17:19) നമ്മുടെ ശക്തി അവിടുത്തെ പ്രാർത്ഥനയിലും ത്യാഗത്തിലുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

വിശുദ്ധി എന്നാൽ മറ്റുള്ളവരെ വിധിക്കാനുള്ള അളവുകോലല്ലെന്നും നാം ഓർക്കണം. ചുങ്കക്കാരന്റെയും പരീശന്റെയും ഉപമയിൽ (ലൂക്കോസ് 18:9–14) "ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകേണമേ" എന്ന് നെഞ്ചത്തടിച്ച് പ്രാർത്ഥിച്ചവനാണ് നീതീകരിക്കപ്പെട്ടത്. സ്വയം നീതീകരിക്കുന്നവന്റെ അഹങ്കാരമല്ല, എളിമയും കരുണയുമാണ് യഥാർത്ഥ വിശുദ്ധിയുടെ അടയാളം. മറ്റുള്ളവരുടെ കുറവുകളെ ചൂണ്ടിക്കാണിക്കുന്നതിനു മുൻപ് സ്വന്തം കണ്ണിലെ കോൽ എടുത്തുകളയണമെന്ന ക്രിസ്തുവിന്റെ ഉപദേശവും ഇവിടെ പ്രസക്തമാണ്.

പ്രായോഗികമായി ഈ കാലം നമ്മോട് എന്താണ് ആവശ്യപ്പെടുന്നത്? ഒന്നാമതായി, അനുതാപം. കുമ്പസാരത്തിലൂടെയും ഹൃദയം തകർന്ന പ്രാർത്ഥനയിലൂടെയും നാം നമ്മുടെ പരാജയങ്ങളെ ദൈവസന്നിധിയിൽ കൊണ്ടുവരണം. രണ്ടാമതായി, വചനത്തോടുള്ള വിശ്വസ്തത. ദിവസവും വേദപുസ്തകം വായിക്കുകയും ധ്യാനിക്കുകയും ചെയ്യാത്ത വിശ്വാസിക്ക് "സത്യത്താലുള്ള വിശുദ്ധീകരണം" അനുഭവിക്കാൻ കഴിയില്ല. മൂന്നാമതായി, നോമ്പും പ്രാർത്ഥനയും ദാനധർമ്മവും കൊണ്ട് ശരീരത്തെയും മനസ്സിനെയും ദൈവത്തിനായി ഒരുക്കുക. നാലാമതായി, അനുരഞ്ജനം. വിദ്വേഷം ഉള്ളിൽ വച്ചുകൊണ്ട് കാഴ്ചയർപ്പിക്കരുതെന്നും സഹോദരനോട് ആദ്യം നിരപ്പാകണമെന്നും ക്രിസ്തു പഠിപ്പിച്ചിട്ടുണ്ടല്ലോ (മത്തായി 5:23–24). ഈ നാല് ചുവടുകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു; ഒന്നില്ലാതെ മറ്റൊന്ന് പൂർണമാകില്ല.

വിശുദ്ധീകരണം വ്യക്തിപരമായ കാര്യം മാത്രമല്ല; അത് സമൂഹത്തെയും കുടുംബത്തെയും രൂപപ്പെടുത്തുന്നു. കുടുംബപ്രാർത്ഥന മുടങ്ങാത്ത വീടുകൾ, ദരിദ്രരെയും രോഗികളെയും ഓർക്കുന്ന ഇടവകകൾ, സത്യസന്ധത പാലിക്കുന്ന തൊഴിൽസ്ഥലങ്ങൾ – ഇവയാണ് വിശുദ്ധസഭയുടെ യഥാർത്ഥ ദൃശ്യരൂപം. ഭിന്നതകളും അധികാരമോഹവും സാമ്പത്തിക താല്പര്യങ്ങളും സഭാസമൂഹത്തെ വേദനിപ്പിക്കുമ്പോൾ, ഓരോ വിശ്വാസിയും "ഇതിൽ എന്റെ പങ്കെന്ത്?" എന്ന് സ്വയം ചോദിക്കേണ്ടതുണ്ട്. സഭ എപ്പോഴും നവീകരിക്കപ്പെടേണ്ടതാണ് എന്ന പഴയ ആപ്തവാക്യം ഇവിടെ അർത്ഥവത്താകുന്നു; ആ നവീകരണം തുടങ്ങേണ്ടത് സഭാനേതൃത്വത്തിൽ മാത്രമല്ല, ഓരോ വിശ്വാസിയുടെയും ഹൃദയത്തിലുമാണ്. യുവാക്കളും കുട്ടികളും നമ്മുടെ വാക്കുകളേക്കാൾ നമ്മുടെ ജീവിതത്തെയാണ് നിരീക്ഷിക്കുന്നത് എന്നും മറക്കരുത്.

വിശുദ്ധീകരണത്തിന്റെ ഉറവിടം നമ്മുടെ പരിശ്രമമല്ല, ദൈവകൃപയാണ്. ആരാധനയും കൂദാശകളും ദൈവവചനവും ആ കൃപ നമ്മിലേക്ക് ഒഴുക്കുന്ന മാർഗങ്ങളാണ്. ഞായറാഴ്ച ആരാധനയിൽ ഹൃദയപൂർവം പങ്കെടുക്കുകയും, വിശുദ്ധ കുർബാനയ്ക്കായി ഒരുങ്ങുകയും, പിന്നീട് അതിന്റെ ഫലം ആഴ്ചയിലെ ജീവിതത്തിൽ പ്രകടമാക്കുകയും ചെയ്യുമ്പോഴാണ് ആരാധന വെറും ശീലമാകാതെ പരിവർത്തനമാകുന്നത്. സഭയിൽ ലഭിക്കുന്നതെല്ലാം വീട്ടിലും വഴിയിലും ജോലിസ്ഥലത്തും സൂക്ഷിക്കുന്നവനാണ് യഥാർത്ഥത്തിൽ വിശുദ്ധീകരിക്കപ്പെട്ടവൻ. ഇതാണ് ആനുകാലിക ലോകത്തിൽ സഭ നൽകേണ്ട ഏറ്റവും ശക്തമായ സാക്ഷ്യം.

വലിയ മാറ്റങ്ങൾക്കായി കാത്തിരിക്കേണ്ടതില്ല. ദിവസത്തിൽ കുറച്ചു നിമിഷം നിശ്ശബ്ദമായ പ്രാർത്ഥന, ഒരു ഫോൺ കോൾ വഴി അകന്നുപോയ ബന്ധത്തെ പുനഃസ്ഥാപിക്കൽ, ഒരു ദരിദ്രന് ഗോപ്യമായ സഹായം, സ്ക്രീൻ സമയത്തിൽ ഒരു ചെറിയ കുറവ് – ഇത്തരം ചെറുചുവടുകളാണ് വിശുദ്ധിയിലേക്കുള്ള വലിയ യാത്രയുടെ തുടക്കം.

അതിനാൽ ഈ കൂദാശക്കാലം നമുക്ക് ഒരു ആത്മപരിശോധനയുടെ കാലമാകട്ടെ. പള്ളി അലങ്കരിക്കുന്നതിനും ഒരുക്കുന്നതിനും നാം കാണിക്കുന്ന ഉത്സാഹം, നമ്മുടെ ഹൃദയത്തെ ഒരുക്കുന്നതിലും ഉണ്ടാകണം. ഇടറിവീണവരെ ചേർത്തുപിടിക്കാനും, തെറ്റുകൾ ഏറ്റുപറയാനും, ക്ഷമിക്കാനും, പുതിയൊരു തുടക്കത്തിന് ധൈര്യപ്പെടാനും ഈ ദിവസങ്ങൾ നമ്മെ സഹായിക്കട്ടെ. ദൈവം വിളിച്ചത് അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു (1 തെസ്സലോനിക്യർ 4:7). "നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ; അവൻ അതു ചെയ്യും" എന്ന വാഗ്ദാനം (1 തെസ്സലോനിക്യർ 5:24) നമുക്ക് ധൈര്യം നൽകുന്നു. ഈ പ്രത്യാശയോടെ, ഓരോ വിശ്വാസിയും വിശുദ്ധസഭയിലെ ജീവനുള്ള കല്ലായി ഒരുങ്ങട്ടെ.

കർത്താവേ, ഞങ്ങളെ വിശുദ്ധീകരിച്ച് അങ്ങയുടെ മഹത്വത്തിനായി ഒരുക്കണമേ. ആമേൻ.

Rev. Fr. Robins Daniel

നവംബർ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

നവംബർ 2



കടവിൽ പൗലോസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്ത
ആലുവ തുക്കുന്നത് സെമിനാരി

നവംബർ 5



സ്തേഫാനോസ് മാർ തേവോദോ സിയോസ്
മെത്രാപ്പോലീത്ത
സെൻറ് തോമസ് ആശ്രമം ഭിലായ്

നവംബർ 6



ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത
വയലിപറമ്പിൽ ആലുവ തുക്കുന്നത്ത് സെമിനാരി

നവംബർ 8



പരിശുദ്ധ ബസ്സലേയോസ് മാർത്തോമ്മ
മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ
കോട്ടയം ദേവലോകം അരമന

നവംബർ 20



ഇയ്യോബ് മാർ ഫീലക്സിനോസ്
മെത്രാപ്പോലീത്ത
പത്തനാപുരം, മൗണ്ട് താബോർ ദയറ

നവംബർ 24



ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്
മെത്രാപ്പോലീത്ത
പഴയ സെമിനാരി, കോട്ടയം

നവംബർ 24



ജോസഫ് മാർ ദിവന്നാസിയോസ് II മലങ്കര
മെത്രാപോലിത്ത
പഴയ സെമിനാരി ചാപ്പൽ കോട്ടയം

നവംബർ 28



മാർ യാക്കോബ് ബുർദ്ദാന

AREA - PRAYER GROUPS DETAILS - March 2025

Sl. No.	Area	Name of the Prayer Group	Day of the Meeting	Hosting By
1	AJK & AJS	St. Lukes St. Kuriakose	10/11/2026 Tuesday 8:30 PM - 9:30 PM	1)Mr. Amel Kurian Mathew (A-392) 2)Mr. Paulson Geo Philip (P-125) 3)Mr. Sunish Thomas Jacob(S-617) 4)Mr. Joji John (J-825) 5) Well Wisher
2	UAQ	St. Marks	11/11/2026 Wednesday 8:30 PM - 9:30 PM	No Prayer Meeting
3	ABS	St. Thomas	12/11/2026 Thursday 8:30 PM - 9:30 PM	Well Wisher
4	MSL	St. Gregorios	10/11/2026 Tuesday 8:30 PM - 9:30 PM	Mr. Mathew Vaidian M-033 Mr. Alex George A-228 Mr. Varghese Thomas V-176 Mr. Jobin Varghese J-476
5	SJC & RLA	St. Peters, St. John	12/11/2026 Thursday 8:30 PM - 9:30 PM	Well Wisher
6	MLN	St. Baselios	17/11/2026 Tuesday 8:30 PM - 9:30 PM	Mr. George Thankachen G-059
7	AND, AWK & DXB	St.Dionysius St.Mathews St.Ignatius	19/11/2026 Thursday 8:30 PM - 9:30 PM	Mr. Abraham Joseph & Family - A-038 Mr. Joji Mathew & Family - J-513
8	SRQ	St. George	24/11/2026 Tuesday 8:30 PM - 9:30 PM	Mr. Rajan C. John (R098) Mr. Rossan baby Geevarghese. R 290
9	AKZ, BMW & SJU	St. Stephens St. Marys St. Behanans	26/11/2026 Thursday 8:30 PM - 9:30 PM	Mr. John Philip J-042
10	OAI	St. Pauls	26/11/2026 Thursday 8:30 PM - 9:30 PM	Mr. Jismon Jacob J-683

WORSHIP TIMING

Sunday	6:15 am	Night Prayer , 7.00 am - Morning Prayer
	8:00 am	Holy Qurbana
Sunday Evening	6:15 pm	Evening Prayer
	7:00 pm	Holy Qurbana
Tuesday	7:30 pm	Evening Prayer & Madhyastha Prarthana (St. Mary)
Thursday	7:30 pm	Evening Prayer & Madhyastha Prarthana (St. Gregorios)
Friday	6:45 pm	Evening Prayer
	7:30 pm	Holy Qurbana
Other Days	5.30 am	Night Prayer, Morning Prayer
	7.00 pm	Evening Prayer

UMM AL QUWAIN SERVICE

UAQ ഏരിയയിലെ നവംബർ മാസത്തെ വി:കുർബ്ബാന 18-11-2026 ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് സന്ധ്യാ നമസ്കാരത്തോടു കൂടി UAQ prayer hallൽ വെച്ച് ആരംഭിക്കുന്നതാണ്.

2026 നവംബർ മാസം - ഒറ്റനോട്ടത്തിൽ

1. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം / വിശുദ്ധ കുർബ്ബാന (Koodosh Eetho) / ഇടവക പെരുന്നാൾ കൊടിയേറ്റ്.
2. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം (124th Commemoration Of St Gregorios Of Parumala)
3. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന.
4. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം.
5. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന.
6. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന.
7. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം (Re-Dicication Of Holy Madbaha).
8. പ്രഭാത നമസ്കാരം / വിശുദ്ധ കുർബ്ബാന / സന്ധ്യാ നമസ്കാരം / വിശുദ്ധ കുർബ്ബാന (Re-Dicication Of Holy Madbaha)/ഇടവക പെരുന്നാൾ
9. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം.
10. പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന / ഏരിയ പ്രയർ
11. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
12. 1പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
13. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന/
14. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/
15. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
16. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
17. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന / ഏരിയ പ്രയർ
18. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
19. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
20. പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / വിശുദ്ധ കുർബ്ബാന (H.G Job Mar Philoxenos 15th Memory)
21. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/
22. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
23. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
24. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന / ഏരിയ പ്രയർ (Pulikkottil Mar Dionysius Ii 210th Memory & H.G Paulose Mar Gregorios 30th Memory)
25. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
26. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
27. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
28. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
29. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന / ഏരിയ പ്രയർ
30. പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / (UAE MARTYR'S DAY)

തെശ്രീൻ ഹ്രോയി നവംബർ

1. കുദോശ് ഈത്തോ ഞായർ. (പ. സഭയുടെ ശുദ്ധീകരണ പെരുന്നാൾ). സകല ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും, സകല സഹദേന്മാരുടെയും, രക്തസാക്ഷിണികളുടെയും ഓർമ്മ.
2. പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പ. പരുമല തിരുമേനി) 124ാം ഓർമ്മ. (പരുമല സെമിനാരി). കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 119ാം ഓർമ്മ. (ആലുവാ തൃക്കുന്നത്ത് സെമിനാരി).
5. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 19ാം ഓർമ്മ. (ഭിലായ് സെന്റ് തോമസ് ആശ്രമം).
6. വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറി യോസ് മെത്രാപ്പോലീത്തായുടെ 60ാം ഓർമ്മ. (ആലുവാ തൃക്കുന്നത്ത് സെമിനാരി).
8. ഹൂദോസ് ഈത്തോ ഞായർ. (പ. സഭയുടെ പ്രതിഷ്ഠാ പെരുന്നാൾ). പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 30ാം ഓർമ്മ. (ദേവലോകം കാതോലിക്കേറ്റ് അരമന). വേദരത്നം കായംകുളം ഫീലിപ്പോസ് റമ്പാൻ
12. 214ാം ഓർമ്മ (കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രൽ).
13. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോ സിന്റെ ഓർമ്മ.
14. മാർ ഫീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ.
15. സഖറിയാ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായർ.
20. ഇയ്യോബ് മാർ ഫീലക്സീനോസ് മെത്രാപ്പോലീ ത്തായുടെ 15ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറാ).
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുന്നാൾ.
22. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ.
24. പഴയ സെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് കക മെത്രാപ്പോലീത്തായുടെ 210ാം ഓർമ്മയും, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീ ത്തായുടെ 30ാം ഓർമ്മയും. (കോട്ടയം പഴയ സെമിനാരി).
28. മാർ യാക്കോബ് ബുർദ്ദാന, മാർ ദീവന്നാസ്യോസ് ബർസ്ളീബി ഇവരുടെ ഓർമ്മ.
29. ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ. (വനിതാദിനം). സുഗിലെ മാർ യാക്കോബിന്റെ ഓർമ്മ.
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ.

ആദരാഞ്ജലികൾ

ഷാനി മേരി ജോൺ (46)

{ Kocheril House, Puthenchantha P.O.Vakathanam, Kottayam }



നമ്മുടെ ഇടവകാംഗം ശ്രീ. വിനോദ് കെ. കുര്യന്റെ (V-122 - MLN) സഹധർമ്മിണി ഷാനി മേരി ജോൺ (46) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

ആ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ആത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു...

Vicars & Members
St. Gregorios Orthodox Church, Sharjah

മരുഭൂമിയിലെ പരുമല

Orthodox Medical Forum

Stroke Management

Stroke is a medical emergency that occurs when the blood supply to the brain is interrupted due to either a blocked blood vessel (ischemic stroke) or bleeding in the brain (hemorrhagic stroke). Early recognition and immediate treatment are crucial because millions of brain cells die every minute during a stroke.

Risk Factors of Stroke include- Obesity, lack of exercise, High and uncontrolled BP, Heavy smoking, High cholesterol, Cardiovascular disease, Diabetes, Heavy alcohol use, Sleep Apnea

Health Education for Stroke Patients and Families



Through early recognition, evidence-based treatment, comprehensive nursing care, and effective patient education, stroke-related complications can be minimized, recovery can be enhanced, and the risk of recurrent stroke can be significantly reduced.

Dr Babitha Sujith MSN, Phd
Asst. Professor
RAK Medical and health science University

OMF പ്രാർത്ഥനായോഗങ്ങൾ എല്ലാ ശനിയാഴ്ചയും ഓൺലൈനായി വൈകിട്ട് 4 മണി മുതൽ കൂടി വരുന്നു.

SUNDAY SCHOOL ANNOUNCEMENTS

OSSAE-OKR UAE Sub-Region Annual Competitions 2026

Congratulations to the top achievers from St. Gregorios Orthodox Church, Sharjah - Sunday School

Subjuniors



Nathalia Mariam Nithin
1st prize (English Solo)

Elin Susan Mathew
Grade A (Mal. Solo)

Rayan Sam Jacob
Grade A+ (Elocution)

Isadora Labi
Grade A+ (Elocution), Grade A (Mal. Solo)

Juniors



Stephen Abraham Jacob
3rd prize (English Solo)



Edlyn Treasa Deepu
1st prize (Mal. Solo)
Grade A (English Solo)



Rebecca Susan Jobin
2nd prize (Elocution)

Raell Marianne Racque
Grade A+ (Elocution)

Abel P Sibi
Grade A (Elocution)

Intermediates



Jeon Mathew Jaison
1st prize (Mal. Solo, Male)
1st prize (Engl. Solo, Male)



Hedwin Biju Varghese
2nd prize (Mal. Solo, Male)
2nd prize (Engl. Solo, Male)



Angel Sara Anish
1st prize (Mal. Solo, Female)
2nd prize (Engl. Solo, Female)



Serah Mercy Sujin
1st prize (Mal. Solo, Female)

Anna K Mathew
Grade A+ (Engl. Solo, Female)

Isaiah Labi
Grade A (Elocution)

Group Events

Subjuniors Group Song 3rd prize



Iaan T Jijin



Irene T Jijin



Rayan Sam Jacob



Nathalia M Nithin

Juniors Group Song 2nd prize



Ameya R Leen



Georgy K Sujin



Ishmael Labi



Edlyn T Deepu

Seniors Group Song 3rd prize



Angelin Premji



Divina S Oommen



Manna E Tiju



Serah George

Quiz 2nd Prize



Alisha R Zacharia



Isabel Labi



Isahak Labi



Isaiah Labi

Seniors



Sarah Jessy Jobin
1st prize (Mal. Solo, Female)
1st prize (Engl. Solo, Female)



Nelwina Suzanne Jinu
2nd prize (Extempore)



Alisha Rebecca Zacharia
3rd prize (Elocution)
3rd prize (Extempore)

Leyana Anna Varghese
Grade A+ (Mal. Solo, Female)

Divina Sara Oommen
Grade A (Elocution)

John Iypora Alex
Grade A (Mal. Solo, Male)

Angelin Premji
Grade A (Engl. Solo, Female)

SUNDAY SCHOOL ANNOUNCEMENTS

1) Sunday School Classes for Grades 1 to 12 will remain ONLINE up to November 8th, due to current space limitations. Sunday School will resume ONSITE from November 15th.

2) Tiny Tots students will have their last class of this year on November 15th. Higher Preparatory students will not have any more classes this year.

3) Grades 1 to 3 will have Annual Exams on November 15th from 10:30AM in Parish Hall.

4) Grades 4 to 12 will have ONLINE Classes on November 22nd due to General Body in Church. All students are requested to be present on November 15th for any remaining Internal Assessments.

5) Grades 4 to 9 and 11 will have Annual Exams on November 29th from 10:30AM in Church.

6) Grades 10 and 12 will have Model Exams on November 21st from 6:00PM, and OSSAE-OKR Board Exams on December 6th from 12:30PM. Both exams will be held online on a special App. All registered students are required to report 30min earlier and bring mobile phones with data plan on both days.

7) All Sunday School Teachers with their families are invited to attend the Teacher's Family Day gathering on November 29th from 1:30PM.

8) Our Sunday School put up a sterling performance in the Annual UAE Sunday School Competitions held on 10th October 2026, Saturday at Dubai, winning 20 prizes in 22 events. The parish is proud of all the participants and grateful to their parents and the teachers who trained them.

MGOCSM



Phantom 7s- Winners



Victors FC- Runners up

Victors FC- Runners up

Glory to God for the Grand Success of GPL 2026!!

With hearts filled with gratitude, we thank Almighty God for the wonderful success of our first-ever MGOCSM (Sharjah)Gregorian Premier League (GPL 2026)!

Teams and Captains
***

1)Lions of Judah- Abhi Sunil Thomas
2)Ruach Gibbor- Hanok Mathew
3)Malankara Strikers- Febin Kurian
4)Guardians- Alvin Thomas
5)Victors FC- Bennet Bijoy Mathew
6)Phantom 7s- Noel Reji
7)Spartans FC- Abel Alex
8)Nova FC- Johan Alex

Winner: Phantom 7s
Runners up - Victors Fc



MARTH MARIYAM VANITHASAMAJAM

മർത്ത്മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് നവംബർ 8, 22 തീയതികളിൽ നടത്തപ്പെടുന്നതും, മെഡിക്കൽ സെൽ നവംബർ 1, 15 തീയതികളിൽ പ്രവർത്തിക്കുന്നതും ആയിരിക്കും.

ഇടവകയിലെ പുതിയ അംഗങ്ങൾ

REG NO	NAME	AREA	MOB
J-885	JAISH MATHEW	SRQ	055-6352008
A-475	JANU MARY MATHEW	AJS	050-3609225
V-243	VIGIN VARGHESE KURAKAR	AKZ	050-9384241

മരുഭൂമിയിലെ പരുമലയിലേക്ക് സ്വാഗതം

മരുഭൂമിയിലെ പരുമല: പ്രത്യാശയുടെ അണയാത്ത ദീപം





വിശുദ്ധിയുടെ സൗരഭ്യം തലമുറകളിലേക്ക് പകർന്നുനൽകിയ മലങ്കര സഭയുടെ പുണ്യപിതാവാണ് പരിശുദ്ധ പരുമല തിരുമേനി. പ്രാർത്ഥനയിലും ത്യാഗത്തിലും കാരുണ്യത്തിലും ക്രിസ്തുവിന്റെ സ്നേഹം പകർന്നുനൽകിയ ആ വിശുദ്ധജീവിതം, ഇന്നും ദശലക്ഷക്കണക്കിന് വിശ്വാസികൾക്ക് മായാത്ത ആത്മീയ വെളിച്ചവും ആശ്വാസവുമാണ്.

ഓർത്തഡോക്സ് വിശ്വാസപാരമ്പര്യത്തിൽ വിശുദ്ധരുടെ മധ്യസ്ഥത തേടുന്നത് ക്രിസ്തുവിലേക്കുള്ള ആത്മീയയാത്രയുടെ പ്രധാന ഭാഗമാണ്. വിശുദ്ധരെ ആദരിക്കുക എന്നാൽ അവരുടെ ജീവിതത്തിൽ പ്രകാശിച്ച ക്രിസ്തുസ്നേഹം സ്വന്തം പ്രവൃത്തികളിലൂടെ സമൂഹത്തിലേക്ക് പ്രതിഫലിപ്പിക്കാനുള്ള ആഹ്വാനം കൂടിയാണ്.

ഈ വിശുദ്ധപൈതൃകത്തിന്റെ പ്രകാശം ഇന്ന് മരുഭൂമിയുടെ മണ്ണിലും നിറഞ്ഞുനിൽക്കുന്നു. 1978ൽ ഇടവകയായി രൂപംകൊണ്ട ഷാർജയിലെ വിശുദ്ധ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയം, പ്രവാസജീവിതത്തിന്റെ തിരക്കുകൾക്കും പ്രതിസന്ധികൾക്കുമിടയിൽ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും അഭയകേന്ദ്രമായി മാറിക്കഴിഞ്ഞു. പരുമലയിൽ തെളിഞ്ഞ വിശുദ്ധിയുടെ ദീപം ഷാർജയുടെ മണ്ണിൽ പ്രകാശം പരത്തുമ്പോൾ, ഈ ദേവാലയം പ്രവാസികളുടെ ജീവിതത്തിൽ പ്രത്യാശയുടെ അണയാത്ത ദീപസ്തംഭമായി, മരുഭൂമിയിലെ പരുമല ആയി നിലകൊള്ളുന്നു,

ആരാധനയുടെ വിശുദ്ധി അനുദിന ജീവിതത്തിന്റെ വിശുദ്ധിയായി പരിണമിക്കുമ്പോഴാണ് യഥാർത്ഥ ആത്മീയ ഉണർവ് ഉണ്ടാകുന്നത്. പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ കേവലം വിശുദ്ധസ്മരണ പുതുക്കലിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല; മറിച്ച്, ക്രിസ്തുവിൽ വേരൂന്നിയ ആ വിശുദ്ധ ജീവിതം സ്വന്തം ജീവിതത്തിൽ പകർത്താനുള്ള ആത്മീയവിളിയാണ്.

ലോകത്തിന്റെ കണ്ണഞ്ചിക്കുന്ന ഭൗതിക സൗകര്യങ്ങൾക്കും ലൗകിക നേട്ടങ്ങൾക്കും അപ്പുറം, പ്രാർത്ഥനയിലും ത്യാഗത്തിലും കരുണയിലും അടിയുറച്ച വിശുദ്ധ ജീവിതമാണ് അക്ഷരാർത്ഥത്തിൽ അനശ്വരമാകുന്നത് എന്ന് കാലം നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ പരുമല തിരുമേനി ഭൗതികതയിൽ മാത്രം ജീവിച്ച ഒരു പുണ്യാത്മാവല്ല എന്ന് ചരിത്രവും സമൂഹവും ഇന്നു പൂർണ്ണമായി ബോധ്യപ്പെട്ടിരിക്കുകയാണ്.

അമ്പതു വയസ്സ് തികയാത്ത ആ ഹ്രസ്വമായ ജീവിതകാലത്തിനിടയിൽ, തനിക്കു ചുറ്റുമുള്ള മനുഷ്യർ നേരിട്ട ദാരിദ്ര്യത്തിലും പ്രകൃതിദുരന്തങ്ങളിലും മാരകരോഗങ്ങളുടെ ഭീതിയിലും അടിയുറച്ച പ്രാർത്ഥന കൊണ്ടും അറ്റമില്ലാത്ത കാരുണ്യം കൊണ്ടും ആശ്വാസത്തിന്റെ വലിയൊരു തണൽ വിരിക്കാൻ പരുമല തിരുമേനിക്ക് സാധിച്ചു.

പെരുന്നാൾ സ്മരണകൾ പുതുക്കുന്ന ഈ ധന്യമുഹൂർത്തത്തിൽ, പരുമല തിരുമേനിയുടെ കാലാതീതമായ ജീവിതസന്ദേശം ഉൾക്കൊണ്ട്, സ്നേഹത്തിലും സേവനത്തിലും ക്രിസ്തുവിന്റെ പ്രതിഫലനമായി മാറാൻ ഓരോ വിശ്വാസിക്കും സാധിക്കട്ടെ.

പ്രാർത്ഥനാപൂർവം,

പെരുന്നാൾ കൺവീനേഴ്സ്
റോജി കെ. ജോൺ | ഷിബി കുര്യൻ

OCYM

OCYM UAE ZONAL LEVEL CRICKET TOURNAMENT GREGORIAN CUP 2026



CHAMPION DIONSTAR ALAIN



RUNNERS UP GREGORIOS FUJAIRAH



യുവജനപ്രസ്ഥാനം ഷാർജ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട അക്ഷര ജ്യോതി 2026 ഉദ്ഘാടനം



ഹാർവെസ്റ്റ് ഫെസ്റ്റിവൽ ലോഗോ പ്രകാശനം



AMOSS യു.എ.ഇ. മേഖലാ വാർഷിക സമ്മേളനത്തിന്റെ ലോഗോ പ്രകാശനം

യാത്രയയപ്പ്



JETTYMON THAMPY (J-521)
2014 മുതൽ ഇടവകാംഗം
AREA - AJS


ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.



പരുമലപദയാത്ര സംഘത്തിന് കൊച്ചി എയർപോർട്ടിൽ നൽകിയ സ്വീകരണം

വി. വേദവായന കുറിപ്പ്

02-Nov	Koodosh Eetho (Sanctification)	: St. Matthew 16:13-20
09-Nov	Hoodosh Eetho (Dedication)	: St.John 10:22-42
16-Nov	Annunciation to Zachariah (Parent's Day)	: St. Luke 1: 1-25
23-Nov	Annunciation to St. Mary	: St.Luke 1: 26-38
30-Nov	Mary's Journey to Elizabeth	: St.Luke 1:39-56







Private Circulation Only